# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1642/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1642/23 തീയ്യതി: 16/11/2023

## കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2022 മുതൽ 08-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 18-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 18-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഗോകുൽ. ഡി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീഷ. എം.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീജ. വി.എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശശീന്ദ്രൻ. പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ. സാഗർ. എൻ.കെ, ഹെഡ് ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 07-10-2022 | 29-01-2023 |
| ശ്രീമതി. ശ്രീജ. പി | അസിസ്റ്റന്റ് സെക്രട്ടറി | 30-01-2023 | 31-03-2023 |
| ശ്രീ. സന്തോഷ്. പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-09-2022 |
| ശ്രീമതി. റംസീന. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 31-03-2023 |
| ശ്രീമതി. രസ്ന സദൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സരിത. കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ബാബു മഹേശ്വരി പ്രസാദ് | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ്. വടക്കമ്പാട് | 01-04-2022 | 06-12-2022 |
| ശ്രീമതി. നിർമ്മല | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ്. വടക്കമ്പാട് | 07-12-2022 | 31-03-2023 |
| ഡോ. ദിവ്യ ബാലൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ഷീന വിജയൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 21-03-2023 |
| ഡോ. സെബിന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 22-03-2023 | 31-03-2023 |
| ഡോ. ബിജോയി. സി.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീ. ഷിബിൻ. ടി | വി.ഇ.ഒ. വടക്കമ്പാട് സർക്കിൾ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീജേഷ്. ടി. കെ. | വി.ഇ.ഒ. എരഞ്ഞോളി സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി. വന്ദന. പി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 21-06-2022 |
| ശ്രീ. നിഷാദ് .വി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 22-06-2022 | 30-11-2022 |
| ശ്രീ. ദിജേഷ്. കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-12-2022 | 31-03-2023 |
| ശ്രീ. ഷിഹാബ് ബാബു | കൃഷി ഓഫീസർ | 01-04-2022 | 25-07-2022 |
| ശ്രീ. അജീഷ്. വി.വി | കൃഷി ഓഫീസർ | 26-07-2022 | 31-10-2022 |
| ശ്രീമതി. നസ്രീന. സി | കൃഷി ഓഫീസർ | 01-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വാർഷീക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും ഇവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സൃഷ്ടിച്ച ആസ്തികൾക്കനുസരിച്ചുള്ളതുകകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-6 |
| 8 | Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് (₹1324) തൻവർഷവും ചേർത്തിരിക്കുന്നത് | 1-1-7 |
| 9 | ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | MGNREGS I-6 പ്രകാരമുള്ള തുക യഥാർത്ഥ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-9 |
| 11 | സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല. | 1-1-10 |
| 12 | ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-11 |
| 13 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകബി-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല | 1-1-12 |
| 14 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | ഗ്രാമസഭ | 1-10 |
| 24 | വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11 |
| 25 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പ് വരുത്തേണ്ടതാണ്. | 1-12 |
| 26 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-13 |
| 27 | വ്യാപാര സ്ഥാപനത്തിൽ നിന്നും FTE&OS ലൈസൻസ് ഫീസ് ഈടാക്കിയതിൽ ₹9,800 യുടെ കുറവ് | 1-14 |
| 28 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല | 1-15 |
| 29 | തനത് വരുമാനം- പൊതു അവലോകനം | 1-16 |
| 30 | വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹42113 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 31 | ഐ.കെ.എം വിഹിതം നൽകൽ 2022-23 - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹54492 ടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 32 | മഴക്കാലപൂർവ്വ ശുചീകരണം-രേഖകൾ ലഭ്യമാക്കിയില്ല-₹160000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 33 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം-രേഖകൾ ലഭ്യമാക്കിയില്ല-₹73045 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 34 | ഹോമിയോ ഡിസ്പൻസറിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹172663 ടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 35 | അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ- അപാകങ്ങൾ ₹ 150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 36 | ഭവന പുനരുദ്ധാരണം (ആശ്രയ) സ്പിൽ ഓവർ മൂല്യനിർണ്ണയസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല- 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 37 | ഭവന പുനരുദ്ധാരണം (എസ് സി) രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 38 | ആശ്രയ വീട് വാസയോഗ്യമാക്കൽ -രേഖകൾ ലഭ്യമാക്കിയില്ല-₹1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 39 | സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹177000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |

| | | |
|---|---|---|
| 40 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടലിനു ധനസഹായം- വാടക രേഖ ഹാജരാക്കിയിട്ടില്ല - ₹53,893 തടസ്സപ്പെടുത്തുന്നു | 1-27 |
| 41 | ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്. | 1-28 |
| 42 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി- ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ് | 1-29 |
| 43 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം അടിസ്ഥാന സൗകര്യമൊരുക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്- ₹62,000 തടസ്സപ്പെടുത്തുന്നു | 1-30 |
| 44 | കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 45 | സർവ്വീസ്/ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി - അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-32 |
| 46 | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്തു | 1-33 |
| 47 | പ്ലാസ്റ്റിക് സംഭരണ കേന്ദ്രം നവീകരണം -വസ്തുതകൾ യഥാസമയം രേഖപ്പെടുത്തിയില്ല | 1-34 |
| 48 | ഒഴിഞ്ഞ ടാർ ബാരൽ - GST ഒടുക്ക് രേഖകൾ ഹാജരാക്കേണ്ടതാണ് | 1-35 |
| 49 | പൊതുമരാമത്തു പ്രവൃത്തികൾ - അവലോകനം | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 7.07.2023 ലെ 3/150/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

16-11-2023.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല

1- 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ,മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ അക്കൗണ്ടിൻമേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല

2- 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

3- തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷത്തെ ആകെ ക്യാഷ് ഫ്ളോ -14980292 രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുക 6952304 രൂപയുമാണ്.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ആസ്തിമൂല്യം കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല.

### 1-1-4 വാർഷീക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1) വാർഷിക ധനകാര്യ പത്രികയിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഇനത്തിൽ ചെലവ്, ബാലൻസ് തുകകൾ ACR (മാന്വൽ) മായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക്, എ.സി.ആർ (സാംഖ്യ) എന്നിവ പ്രകാരം 43,14,002/- രൂപയാണ് ഈ ഇനത്തിലെ ചെലവ്. മാന്വൽ രജിസ്റ്ററിൽ 47,71,590/- രൂപയാണ് ഈ ഇനത്തിലെ ചെലവായി രേഖപ്പെടുത്തിയത്. അക്കൗണ്ടിലെ ചെലവ് പ്രകാരം ഉണ്ടാവേണ്ട ബാലൻസ് 2508857/- രൂപയാണ്. എന്നാൽ ബി-4 ഷെഡ്യൂൾ പ്രകാരം ബാലൻസ് 2051269/- രൂപയാണ്.

2) അഡ്വാൻസ് ടു അദേഴ്സ് ഹെഡിൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 66,128/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ RP-49 ഷെഡ്യൂളിൽ ഈ ഇനത്തിൽ പേയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല.
അഡ്വാൻസ് ടു MGNREGA ഇനത്തിൽ അഡ്വാൻസ് നൽകിയ തുക രജിസ്റ്ററിൽ അഡ്വാൻസ് ടു MGNREGA എന്ന ഹെഡിൽ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. AFS പ്രകാരം നീക്കിയിരിപ്പ് 27,750/- രൂപയുമാണ്. ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കോൺട്രാക്ടേഴ്സ് റിടെൻഷൻ ഇനത്തിൽ 22490/- രൂപ വരവുണ്ട്. എന്നാൽ AFSൽ 8913/- രൂപയാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കോൺട്രാക്ടേഴ്സ് റിടെൻഷൻ ഒഴിച്ച് ബാക്കി എല്ലാ ഡെപ്പോസിറ്റ് ഇനങ്ങളിലും റീഫണ്ട്/അഡ്ജസ്റ്റ്മെന്റ് കാണിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ മാത്രമേ പേയ്മെന്റ് ഉള്ളൂ. ബാക്കി അഡ്ജസ്റ്റ്മെന്റ്/റീഫണ്ട് വിവരം വാർഷിക കണക്കിൽ പേയബിൾ ടു അദർ ക്രെഡിറ്റേഴ്സ് എന്ന ഹെഡിലാണ് ചേർത്തിട്ടുള്ളത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്.

### 1-1-5 ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും ഇവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുക 24,27,397/- രൂപയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് 25,32,884/- രൂപയുമാണ്.

### 1-1-6 സൃഷ്ടിച്ച ആസ്തികൾക്കനുസരിച്ചുള്ളതുകകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് വാഹനം വാങ്ങൽ, അങ്കണവാടി കെട്ടിടത്തിന് സ്ഥലമെടുപ്പ് തുടങ്ങിയ ആസ്തിസൃഷ്ടിക്കൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് ഈ വർഷവും ചേർത്തിട്ടുള്ളത്.

### 1-1-7 Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് (₹1324) തൻവർഷവും ചേർത്തിരിക്കുന്നത്

Liability Inrespect Of Stale Cheque എന്ന ശീർഷകത്തിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് (₹1324) തൻവർഷവും ചേർത്തിട്ടുള്ളത്. പ്രസ്തുത ചെക്കുകൾ ഇഷ്യൂ ചെയ്ത് മൂന്ന് വർഷം കഴിഞ്ഞതാണോ എന്ന് പരിശോധിച്ച് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

### 1-1-8 ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല

റോഡ്സ് & ബ്രിഡ്ജസ്, ഡ്രെയിനേജ്, വാട്ടർവേയ്സ്, പബ്ലിക്ക് ലൈറ്റിങ്ങ്, പ്ലാന്റ് & മെഷിനറി, അദർ ഫിക്സഡ് അസറ്റ് തുടങ്ങിയ ആസ്തികൾക്ക് ഡിപ്രീസിയേഷൻ കുറവ് ചെയ്യാതെ മുൻവർഷത്തെ അതേ തുകയാണ് ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്നത്. മേൽ ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഡിപ്രീസിയേഷൻ കാണിച്ചിട്ടില്ല.

### 1-1-9 MGNREGS I-6 പ്രകാരമുള്ള തുക യഥാർത്ഥ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

MGNREGS ഇനത്തിൽ I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക യഥാർത്ഥ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക 1,00,86,910/- രൂപയും യഥാർത്ഥ തുക 1,00,86,881/- രൂപയുമാണ്.

### 1-1-10 സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല.

സമയബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല. അക്രൂവൽ അടിസ്ഥാനമായ വരവുകളുടെ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി ഇനത്തിൽ സാമ്പത്തിക വർഷവസാനം 31-3-2023 നാണ് ഡിമാൻഡ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-11 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

### 1-1-12 വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകബി-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ2022-23 വർഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾ ഉണ്ടെങ്കിലും ആയത് ബി-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

### 1-1-13 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മൂന്ന് വാഹനങ്ങൾ ഉണ്ടെങ്കിലും വാഹനങ്ങളുടെ മൂല്യം ബാലൻസ് ഷീറ്റിലെ ഏത് ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ മൂവബിൾ അസറ്റ്സ് വെഹിക്കിൾ എന്ന ഒരു ഹെഡ് ഉൾപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 30-03-2022 തീയതിയിലെ 77/2022 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 25-03-2023 ലെ 56/2023(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 18504393 | 24594911 |
| വരവ് | 190480000 | 169452779 |
| ആകെ | 208984393 | 194047690 |
| ചെലവ് | 205494393 | 176670542 |
| നീക്കിയിരിപ്പ് | 3490000 | 17377148 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27099749 |
| വരവ് | 46655267 |
| ആകെ | 73755016 |
| ചെലവ് | 39757952 |
| നീക്കിയിരിപ്പ് | 33997064 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0` |
| തടസ്സപ്പെടുത്തിയ തുക | 1204313 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15209000 | 15209000 | 14603535 | 605465 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1195000 | 1195000 | 955466 | 239534 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 6945000 | 6945000 | 4927641 | 2017359 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 4565000 | 4565000 | 3674250 | 890750 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് | 45283 | 2807845 | 2853128 | 2477000 | 376128 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 2797859 | 4025000 | 6822859 | 4771590 | 2051269 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 527167 | 1184262 | 1711429 | 508677 | 1202752 |
| ടി എസ് സി | 441110 | 0 | 441110 | 0 | 441110 |
| എം പി ഫണ്ട് | 77227 | 2226 | 79453 | 0 | 79453 |
| എം എൻ ആർ ഇ ജി എസ് | 88 | 9129804 | 9129892 | 9129833 | 59 |
| അംഗൻവാടിക്ക് കുടിവെള്ളം | 0 | 6000 | 6000 | 0 | 6000 |
| സാക്ഷരത | 154462 | 2127 | 156589 | 131248 | 25341 |
| കേരളോത്സവം | 15000 | 0 | 15000 | 11450 | 3550 |
| വിമുക്തി | 35100 | 0 | 35100 | 0 | 35100 |
| 'ടോട്ടൽ സാനിറ്റേഷൻ | 99331 | 0 | 99331 | 0 | 99331 |
| സ്പെസിഫിക്ക് പർപ്പോസ് ഗ്രാന്റ് | 348121 | 0 | 348121 | 0 | 348121 |

| | | | | | |
|---|---|---|---|---|---|
| സ്പെസിഫിക്ക് പർപ്പോസ് ഗ്രാന്റ് | 208530 | 4050 | 212580 | 12580 | 200000 |
| ഹെൽത്ത് ഗ്രാന്റ് | 0 | 239574 | 239574 | 236447 | 3127 |
| ഹെൽത്ത് ഗ്രാന്റ് | 0 | 111543 | 111543 | 37750 | 73793 |
| ആയുഷ് ഹെൽത്ത് മിഷൻ ഗ്രാന്റ് | 0 | 593144 | 593144 | 143144 | 450000 |
| റൂറൽ ഹൗസിങ്ങ് | 0 | 600000 | 600000 | 0 | 600000 |
| ക്ലിൻ കേരള മിഷനിൽ നിന്നുള്ള വരവ് | 0 | 166111 | 166111 | 0 | 166111 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 150 | 67616088 | 120 | 42313409 | 28 | 30 | 92 | 61 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 1373260 | 1372760 | 99.96 |
| വെറ്റിനറി സർജ്ജൻ | 9 | 9 | 1160000 | 1035000 | 89.22 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 9 | 8 | 3483599 | 2339213 | 67.15 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 800000 | 800000 | 100 |
| ഫിഷറീസ് സബ്ഇൻസ്പക്ടർ | 2 | 2 | 110000 | 80000 | 72.73 |
| വി.ഇ.ഒ | 19 | 15 | 17340282 | 8975909 | 51.76 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 4950732 | 4116498 | 83.15 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്റ്റക്ടർ | 2 | 2 | 600000 | 522060 | 87.01 |
| സെക്രട്ടറി | 33 | 24 | 15465946 | 8045173 | 52.02 |
| ഹെഡ് മാസ്റ്റർ | 4 | 1 | 2160000 | 1500000 | 69.44 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 46 | 34 | 18364119 | 11922846 | 64.92 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 1808150 | 1603950 | 88.71 |
| ആകെ | 150 | 120 | 67616088 | 42313409 | 62.58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 88 | 277500 | 277588 | 277529 | 59 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8852304 | 8852304 | 8852304 | 0 |
| ആകെ | 88 | 9129804 | 9129892 | 9129833 | 59 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1280200 | 127 |
| വിധവാപെൻഷൻ | 11110800 | 1111 |
| വാർദ്ധക്യകാലപെൻഷൻ | 26068000 | 2700 |
| ഭിന്നശേഷി പെൻഷൻ | 2897800 | 259 |
| അവിവാഹിത പെൻഷൻ | 4263800 | 384 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-10-2023 തീയതിയിൽ 11 AM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,517/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്. വഴിയുള്ള ഫയൽ പ്രൊസസിങ്ങിലുള്ള പുരോഗതി വിലയിരുത്തുകയും പെൻഡിങ്ങ് ഫയലുകൾ തീർപ്പാക്കാനുള്ള നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും 2022-23 വർഷം ഗ്രാമസഭകൾ 4 തവണ വീതം യോഗം ചേർന്നിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2021-22 വർഷത്തെ വാർഷിക പദ്ധതി അവലോകനം, ഗുണഭോക്തൃ പട്ടിക സാധൂകരിക്കൽ, ഐ.എൽ.ജി.എം.എസ് സിറ്റിസൺ പോർട്ടൽ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തൽ, 2022-23 വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

I) നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു: എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ തൻവർഷ വാർഷിക ധനകാര്യപത്രിക, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിൽ തൻവർഷ കുടിശ്ശിക ഇനത്തിൽ ₹48,900യും മുൻവർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ ₹10,766 യും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

II) മൊബൈൽ ടവർ ഉടമയിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു: ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന IX/29 നമ്പർ മൊബൈൽ ടവറിന്റെ ഉടമയിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി, ലൈബ്രറി സെസ്, സർവീസ് ചാർജ്ജ് എന്നീ ഇനങ്ങളിലെ ആകെ കുടിശ്ശിക ₹10,593 ഈടാക്കാനവശേഷിക്കുന്നു (സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി പിരിവ് (ഡിമാൻഡ്, കളക്ഷൻ, ബാലൻസ്) പരിശോധിച്ചതിൻ പ്രകാരം).

| വാർഡ് നമ്പർ/കെട്ടിട നമ്പർ | കമ്പനിയുടെ പേര് | വാർഷിക നികുതി | കുടിശ്ശിക (₹) |
|---|---|---|---|
| IX/29 | റിലയൻസ്ഇൻഫോകോം ലിമിറ്റഡ്, എ പി ആർകെയ്ഡ്, എസ്.എ റോഡ്, കടവന്ത്ര, കൊച്ചി | 9900+495 ( Library Cess) + 198 (Service Charge)=10593 | 10,593 |

വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/10-10-2023) പ്രസ്തുത കുടിശ്ശിക തുകകൾ ഈടാക്കുവാൻ തലശ്ശേരി സബ് കോടതി മുൻപാകെ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേസ് നടപടികൾ ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പ് വരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ കൂട്ടിച്ചേർത്ത ഭാഗത്തിന് നാളിതുവരെ നികതി നിർണ്ണയിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ തീയതി | കെട്ടിടത്തിന്റെ നില വിലെ വിസ്തീർണ്ണം | കൂട്ടി ച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച | സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച ഭാഗ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | ത്തിന്റെ വിസ്തീർണ്ണം (ച.മീ) |
| 1 | 9/227 | വി കെ ചന്ദ്രൻ | A2-BA (145457)/2018, 13-07-2018 | 85.06 (താഴത്തെ നില) | 13.63 (താഴത്തെ നില) 72.08 (ഒന്നാമത്തെ നില ) 14.43 (പോർച്ച്) | 82.5 (താഴത്തെ നില) |
| 2 | 11/23A | വെള്ളോത്ത് ജിൽന | A2-BA (172680)/2018, 2-08-2018 | 105.77 (താഴത്തെ നില ) 13.01 (പോർച്ച്) | 68.72 (ഒന്നാമത്തെ നില ) | 105.77 (താഴത്തെ നില) 20.9 (ഒന്നാ മത്തെ നില ) |
| 3 | 12/334 | പൊന്നമ്പത്ത് മൂർക്കോത്ത് ബേബിലത എന്ന ലത | A2-BA (189345)/2018, 13-08-2018 | 95.87 (താഴത്തെ നില ) 55.15 (ഒന്നാ മത്തെ നില ) | 23.38 (താഴത്തെ നില ) 23.38 (ഒന്നാ മത്തെ നില ) | 90 (താഴത്തെ നില ) 20 (ഒന്നാ മത്തെ നില ) |
| 4 | 3/136 | ശ്രീജിത്ത്. എ | A2-BA (242900)/2018, 1-10-2018 | 50.97 (താഴത്തെ നില ) | 8.9 (താഴത്തെ നില ) 55.64 (ഒന്നാ മത്തെ നില ) | 44 (താഴത്തെ നില) |
| 5 | 13/208A | കൊളത്തുങ്കര സഹീർ | A2-BA (271662)/2018, 16-11-2018 | 70.47 (താഴത്തെ നില) | 68.50 (ഒന്നാ മത്തെ നില) | 70.47 (താഴത്തെ നില ) 7.16 (ഒന്നാ മത്തെ നില ) |
| 6 | 5/377A | ശശി വയക്കര | A2-BA (221838)/2018, 18-09-2018 | 105.54 (താഴ ത്തെ നില) | 68.74 (ഒന്നാ മത്തെ നില) | 105.54 (താഴത്തെ നില ) 8.37 (ഒന്നാ മത്തെ നില ) |

| | | | | | | |
|---|---|---|---|---|---|---|
| 7 | 6/362 | എ.ഷാജി | A2-BA (63956)/2018, 4-04-2018 | 79.86 (താഴത്തെ നില) | 65.23 (ഒന്നാമത്തെ നില) | 55 (താഴത്തെ നില) |

മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ വസ്തു നികുതി നിർണയത്തിന് പരിഗണിച്ച തറ വിസ്തീർണ്ണം കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിലവിലെ തറ വിസ്തീർണ്ണം എന്നിവ തമ്മിലുള്ള അന്തരത്തിന് കാരണം,പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ഒക്യുപ്പൻസി അനുവദിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/13-10-2023) മേൽ പറഞ്ഞിരിക്കുന്ന കെട്ടിട ഉടമകൾ നിലവിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ ലഭ്യമാക്കിയിട്ടില്ല എന്നും ഫീൽഡ് തല പരിശോധന നടത്തി കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ പഞ്ചായത്തിന് നഷ്ടം വരാത്ത വിധത്തിൽ ടി ഉടമകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയേറെയാണ്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന കൂടുതൽ കാര്യക്ഷമമായി നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്. പെർമിറ്റിനായുള്ള അപേക്ഷകളിൽ നിലവിലുള്ള വിസ്തീർണ്ണം രേഖപ്പെടുത്തിയതും നികുതി ഈടാക്കുന്ന വിസ്തീർണ്ണവും തമ്മിൽ പൊരുത്തപ്പെടാത്ത സംഗതികളും ഉണ്ട്. നിജസ്ഥിതി പരിശോധിച്ച് നികുതിചോർച്ച ഒഴിവാക്കേണ്ടതാണ്.തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാത്ത ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

| ക്രമ നമ്പർ | സ്ഥാപനം | ലൈസൻസ് നമ്പർ | വാർഡ് / കെട്ടിട നമ്പർ | ഉടമ സ്ഥന്റെ പേര് | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | ഈടാക്കിയ തൊഴിൽ നികുതി/ രസീത് നമ്പർ |
|---|---|---|---|---|---|---|
| 1 | ആദിത്യ ഇന്റീരിയർ | 307/2022-23/ JC2/1092/22 | 7/307 | കെ.സി സായ്നാഥ് റോയ് | 2 | 360*2 =720 (1220100847 Dt:27-06-2022) |

| | | | | | | |
|---|---|---|---|---|---|---|
| 2 | പി.പി,ബി സ്റ്റീൽ ഫർണിച്ചർ | ലൈസൻസ് രജിസ്റ്റർ/ അപേക്ഷയിൽ വ്യക്തമല്ല | 10/196 A | ഷാജി. പി പ്രകാശ് | 2 | 360*2 =720 (1220200883 Dt:16-11-2022) |
| 3 | ബൈ ക്രാഫ്റ്റ് ടു വീലർ സർവീസ്&സ് പെയേഴ്സ് | 344/2022-23/ JC2/2062/22 | 9/523 C | വി. സുഭാഷ് | 2 | 360*2 =720 (1220101673 Dt:20-09-2022) |
| 4 | BAANGS TECHNOMAC LLP (സി സി ടി വി വ്യാവസായിക മെഷീനുകളുടെ വില്പനയും സേവനവും) | 141/2022-23/ JC2/1418/22 | 1/278,279 | സഹിൽ സതീഷ് | 3 | 240*3 =720 (1220101228 Dt:8-08-2022) |

തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാതിരുന്ന മേൽ പറഞ്ഞിരിക്കുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ മാനദണ്ഡം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/10-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന വരവ് പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും വരവിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പിഴ സഹിതം ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി)/ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 എന്നിവയിൽ നിർദേശിച്ച പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടത്തിൽ അനുശാസിക്കും പ്രകാരമുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 വ്യാപാര സ്ഥാപനത്തിൽ നിന്നും FTE&OS ലൈസൻസ് ഫീസ് ഈടാക്കിയതിൽ ₹9,800 യുടെ കുറവ്

31-10-2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സേവന മേഖല/ഉത്പ്പാദന മേഖല -യിലെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം ₹500, ₹1000, ₹5000, ₹10000, ₹15000) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ട പ്രകാരം സേവന മേഖലയിൽ ഉൾപ്പെടുന്ന മീഡിയം എന്റർപ്രൈസുകൾക്ക് (മൂലധന നിക്ഷേപം 2 കോടി രൂപയിൽ കൂടുതലുള്ളതും 5 കോടി രൂപയിൽ കവിയാത്തതുമായ സ്ഥാപനങ്ങൾ) ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ₹10000 ആണ്. എന്നാൽ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ ചുവടെ പറയുന്ന സ്ഥാപനത്തിൽ നിന്നും ചട്ടം അനുശാസിച്ചതിലും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്.

| ഉടമസ്ഥൻ/ സ്ഥാപനം | ലൈസൻസ് നമ്പർ | വാർഡ് / കെട്ടിട നമ്പർ | സ്ഥാപനം ഉൾപ്പെ ടുന്ന മേഖല/ വിഭാഗം (ലൈസൻസ് | മൂല ധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ഫീസ് (₹) | ഈടാക്കാൻ കുറവ് വന്ന ഫീസ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | അപേക്ഷ പ്രകാരം) | | (₹) | | (₹) |
| സഹിൽ സതീഷ് BAANGS TECHNOMAC LLP (സി സി ടി വി വ്യാവസായിക മെഷീനുകളുടെ വില്പനയും സേവനവും) | 141/2022-23/ JC2/1418/22 | 1/278,279 | സേവന മേഖല/ മീഡിയം എന്റർപ്രൈസസ് | രേഖപ്പെടുത്തിയിട്ടില്ല | 200 | 10000 | 9800 |

ഗ്രാമ പഞ്ചായത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന FTE&OS ലൈസൻസ് ഫീസ് നിരക്കുകൾ നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും,മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/10-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപങ്ങളുടെ FTE&OS ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള ഭരണ സമിതി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിന്റെ FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക (₹9800) സ്ഥാപന ഉടമയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല

28/09/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (27/16-10-2023) 2020-21,2021-22 വർഷങ്ങളിലെ തുക (₹139683) തുക തിരികെ ലഭ്യമായെങ്കിലും 2015-16 മുതൽ 2019-20 വരെയുള്ള വർഷങ്ങളിലെ തുക തിരികെ ലഭിക്കാൻ ബാക്കിയുണ്ട് എന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന് ഇ-ടെണ്ടർ ഫീസ് ഇനത്തിൽ തിരികെ ലഭ്യമാക്കുവാനുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|

| | | |
|---|---|---|
| 1 | 2015-16 | 43490 |
| 2 | 2016-17 | 43400 |
| 3 | 2017-18 | 56416 |
| 4 | 2018-19 | 89689 |
| 5 | 2019-20 | 58501 |
| | ആകെ | 291496 |

ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാക്കുവാനുള്ള തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 തനത് വരുമാനം- പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കിയതായും കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിക്കപ്പെട്ടിട്ടില്ല. താരതമ്യേന റവന്യൂ വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തായതിനാൽ വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്താവുന്നതുമാണ്. നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവത്ക്കരണ ഫീസ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

I) വസ്തുനികുതി – 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 22-03-2023 തീയതിയിലെ സ.ഉ(കൈ)നമ്പർ 77/2023/തസ്വഭവ യിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ(അച്ചടി)25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 5.08.2023 തീയതിയിലെ 15/192/2023(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

II) തൊഴിൽ നികുതി.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാ ബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

III. ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ്

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 604 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. സഞ്ചയ പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളുടെ എണ്ണവും 9-ബി ഫോറത്തിൽ അനധികൃത കെട്ടിടങ്ങളുടെ വിവരം ലഭിച്ച എണ്ണവും താരതമ്യം ചെയ്ത് അനധികൃത നിർമ്മാണങ്ങളുടെ ആധിക്യം വിലയിരുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ (ഫീൽഡ് പരിശോധന) ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതുമാണ്.

IV) FTE&OS ലൈസൻസ്

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല (ഒട്ടു മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല). ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ്

പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവത്ക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.
മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം.84/22/തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-17 വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹42113 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 170/23, വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹42113 റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവ് | ₹42113 |
| ബിൽ നമ്പർ, തീയതി | 22220352008901384990, 17-03-2023 |

മേൽ പ്രോജക്ട് പ്രകാരം വയോജന വിശ്രമ കേന്ദ്രത്തിലേക്ക് റബ്കോയിൽ നിന്ന് ₹42113യുടെ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ സൂക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (33/17-10-2023) വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തി സമർപ്പിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹42113ടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫർണിച്ചർ വാങ്ങിയതിന്റെ ക്യാഷ് ഇൻവോയ്സ് സഹിതം സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ഐ.കെ.എം വിഹിതം നൽകൽ 2022-23 - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹54492 ടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 144/23, ഐ.കെ.എം വിഹിതം നൽകൽ 2022-23 |
| അടങ്കൽ | ₹54492 വികസന ഫണ്ട്, പൊതുവിഭാഗം |
| ചെലവ് | ₹54492 |
| ബിൽ നമ്പർ, തീയതി | 56/26-08-2022 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസന ഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹54492 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (10/11-10-2022) മറുപടിയായി 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത് കാരണം ഓഡിറ്റ് തടസ്സം വന്നിട്ടുണ്ടെങ്കിൽ ഈ കത്തിന്റെ അടിസ്ഥാനത്തിൽ മറുപടി നല്കണമെന്നമെന്നുമുള്ള ഐ.കെ.എം അഡ്മിനിസ്ട്രേഷൻ കൺട്രോളറുടെ 26.09.2023ലെ 762/എ7/ഐ.കെ.എം/2023 നമ്പർ കത്താണ് സമർപ്പിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹54492 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 മഴക്കാലപൂർവ്വ ശുചീകരണം-രേഖകൾ ലഭ്യമാക്കിയില്ല-₹160000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22000287/13.7.2023 പ്രകാരം ₹106804 യും, തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22000288/13.7.2023 പ്രകാരം ₹53196യും കൂടി ആകെ ₹160000 ഗ്രാമ പഞ്ചായത്തിലെ 16 വാർഡിലേയും ഹെൽത്ത് സാനിറ്റേഷൻ & ന്യൂട്രിഷൻ കമ്മിറ്റികളുടെ അക്കൗണ്ടിലേക്ക് (ഓരോ കമ്മിറ്റിക്കും ₹10000) കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും വിനിയോഗ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (43/17-10-2023) മറുപടി നല്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം-രേഖകൾ ലഭ്യമാക്കിയില്ല-₹73045 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 7/23, പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം |
| അടങ്കൽ | ₹100000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹73045 |
| ബിൽ നമ്പർ, തീയതി | 84, 10-10-2022 |

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരനായ സിജേഷ്. പി.പി ക്ക് ആദായ നികുതി കുറവ് ചെയ്ത് ₹72314 നല്കിയിട്ടുണ്ട്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് അനുമതി നല്കിയ സർക്കാർ ഉത്തരവിൽ (സ.ഉ (സാധാ)652/2022/ LSGD, തീയതി 16-03-2022) ജി.പി.എസ് ലോഗും, വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സുതാര്യത ഉറപ്പ് വരുത്തിയതായി തെളിയിക്കുന്ന യാതൊരു രേഖയും ഫയലിലില്ല. ജി.പി.എസ് ലോഗ്, വാഹനത്തിന്റെ ലോഗ്ബുക്കിന്റെ പകർപ്പ്, കുടിവെള്ളം വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (34/17-10-2023) പ്രസ്തുത രേഖകൾ പിന്നീട് സമർപ്പിക്കുന്നതാണ് എന്നാണ് നിർവ്വഹണ

ഉദ്യോഗസ്ഥയായ സെക്രട്ടറി മറുപടി നല്കിയത്. രേഖകൾ ലഭ്യമാക്കാത്തതിനാൽ 73,045/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഹോമിയോ ഡിസ്പൻസറിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹172663 ടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 180/23, ഹോമിയോ ഡിസ്പെൻസറിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ |
| അടങ്കൽ | ₹172663 റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവ് | ₹172663 |
| ബിൽ നമ്പർ, തീയതി | 22220352008901559395, 29-03-2023 |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പൻസറിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനായി റബ്കോയിൽ നിന്ന് ₹172663 യുടെ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (32/17-10-2022) ഫർണിച്ചറുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തി സമർപ്പിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹172663 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫർണിച്ചർ വാങ്ങിയതിന്റെ ക്യാഷ് ഇൻവോയ്സ് സഹിതം സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ- അപാകങ്ങൾ ₹ 150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ | 75/23 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹150000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ₹150000, ബിൽ നമ്പർ 190/31-1-23 ₹150000 |

അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ കളി ഉപകരണങ്ങൾ (90 റൈഡ്, 28 ബിൽഡിങ്ങ് ബ്ലോക്ക്) വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ച് ലഭ്യമായ അഞ്ച് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതായി കാണിച്ചിട്ടുള്ള ഹെഡ്കോ മലബാർ ആർക്കേഡ്, പന്തീരങ്കാവ് എന്നവരുടെ ടെണ്ടർ ഭരണസമിതിയുടെ 29-11-22 തീയതിയിലെ 2/269/2022(7) തീരുമാന പ്രകാരം അംഗീകരിക്കുകയാണ് ചെയ്തത്.

ടെണ്ടറുകൾ പരിശോധനക്ക് ലഭ്യമാക്കാനും ഓരോ ടെണ്ടറുകളിലെയും നിരക്ക് താരതമ്യം ചെയ്തു കൊണ്ടുള്ള ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ടെണ്ടർ അംഗീകരിച്ച പ്രോക്വയർമെന്റ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/12-10-23)ലഭ്യമാക്കിയ മറുപടിയോടൊപ്പം ടെണ്ടറുകൾ, ഓരോ ടെണ്ടറുകളിലെയും നിരക്ക് താരതമ്യം ചെയ്തു കൊണ്ടുള്ള ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, പ്രോക്വയർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടറുകൾ, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ടി.ബി.എസ് പബ്ലിഷേഴ്സ് & ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനം ലഭ്യമാക്കിയ ടെണ്ടർ പ്രകാരം ജിറാഫ് റൈഡിന് 1,109/- രൂപയും, ജംബോ കുക്കു എന്ന റൈഡിന് 1,344/- രൂപയും ബിൽഡിങ്ങ് ബ്ലോക്ക്സിന് 212/- രൂപയുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. മേൽ ടെണ്ടർ പരിഗണിക്കാതെ ജിറാഫ് റൈഡിന് 1,500/- രൂപയും ബിൽഡിങ്ങ് ബ്ലോക്കിന് 500/- രൂപയും (ജി എസ് ടി ഉൾപ്പെടെ) ക്വാട്ട് ചെയ്ത ഹെഡ്കോ മലബാർ

എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തത്. പ്രോക്വർമെന്റ് കമ്മിറ്റി തീരുമാനത്തിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ തള്ളാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ലഭ്യമായിട്ടും ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാനുള്ള കാരണം വ്യകതമാക്കേണ്ടതാണ്. പ്രൊക്വയർമെന്റ് കമ്മിറ്റി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ചിരുന്നോ എന്നത് വ്യക്തമല്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹150000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കുറഞ്ഞ നിരക്കിലെ ടെണ്ടർ തള്ളാനുള്ള കാരണം വ്യക്തമാക്കുന്ന മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഭവന പുനരുദ്ധാരണം (ആശ്രയ) സ്പിൽ ഓവർ മൂല്യനിർണ്ണയസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല- 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>വടക്കുമ്പാട് സർക്കിൾ |
| പ്രോജക്റ്റിന്റെ നമ്പർ | 19/23 |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (ആശ്രയ) സ്പിൽ ഓവർ |
| അടങ്കൽ | ₹150000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹150000 |
| ബിൽ നമ്പർ, തീയതി, തുക | ₹150000, 3/28-11-22 ₹150000 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ തീയതി 28/5/2022 ഖ 6-7 (4) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിക്ക് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 1,00,000/- രൂപയാണ്. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി തസ്വഭവ ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ബന്ധപ്പെട്ട എഞ്ചിനീയർ/ ഓവർസീയർ മൂല്യനിർണ്ണയം നടത്തണം എന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.
പ്രസ്തുത പദ്ധതിയിൽ ഭവനപുനരുദ്ധാരണത്തിന്റെ പൂർത്തീകരണത്തിന് ഗുണഭോക്താക്കളായ നളിനി എം, ജയലക്ഷ്മി എന്നിവർക്ക് 75,000/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ജയലക്ഷ്മി എന്ന ഗുണഭോക്താവിന്റെ വാല്വേഷൻ സർട്ടിഫിക്കറ്റ് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഗുണഭോക്താവായ നളിനി എന്ന ഗുണഭോക്താവിന് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ആനുകൂല്യം അനുവദിച്ചതെങ്ങിനെയാണ് എന്നത് സംബന്ധിച്ച് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/17-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ഭവന പുനരുദ്ധാരണം (എസ് സി) രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടക്കുമ്പാട് സർക്കിൾ |
| പ്രോജക്റ്റിന്റെ നമ്പർ | 183/23 |
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം (എസ് സി) |
| അടങ്കൽ | ₹150000 (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | ₹150000 |
| ബിൽ നമ്പർ,തീയതി,തുക | ₹150000<br>ബിൽ നമ്പർ 220/10-2-23 ₹75000<br>ബിൽ നമ്പർ 318/17-3-23 ₹75000 |

മേൽ പദ്ധതി പ്രകാരം എസ് സി വിഭാഗത്തിൽ പെട്ട കുഞ്ഞി പറമ്പത്ത് രേഷ്മ എന്ന ഗുണഭോക്താവിന് ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ തീയതി 28/5/2022 ഖ 6-7 (4) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിക്ക് എസ്.സി വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 1,50,000/- രൂപയാണ്. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി തസ്വഭവ ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കരാറിൽ ഏർപ്പെട്ട ശേഷം 50% തുക

മുൻകൂറായി നൽകാവുന്നതാണ് പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞിവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ബന്ധപ്പെട്ട എഞ്ചിനീയർ/ഓവർസീയർ മൂല്യനിർണ്ണയം നടത്തണം എന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ഗുണഭോക്താവ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഓവർസീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവ് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് ഓവർസിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2) പ്രസ്തുത ഗുണഭോക്താവിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/17-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹150000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ആശ്രയ വീട് വാസയോഗ്യമാക്കൽ -രേഖകൾ ലഭ്യമാക്കിയില്ല-₹1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വടക്കമ്പാട് സർക്കിൾ |
| പ്രോജക്ടിന്റെ നമ്പർ | 122/23 |
| പ്രോജക്ടിന്റെ പേര് | ആശ്രയ വീട് വാസയോഗ്യമാക്കൽ – 2022-23 |
| അടങ്കൽ | ₹150000 (വികസന ഫണ്ട് – പൊതു വിഭാഗം) |
| ചെലവ് | ₹150000 |
| ബിൽ നമ്പർ, തീയതി, തുക | ₹150000, 3/28-11-22 ₹150000 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.115/2022/ത സ്വ ഭ വ തീയതി 28/5/2022 ഖ 6-7 (4) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിക്ക് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 1,00,000/- രൂപയും എസ് സി/എസ് ടി വിഭാഗത്തിന് 1,50,000/- രൂപയുമാണ്. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി തസ്വഭവ ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ബന്ധപ്പെട്ട എഞ്ചിനീയർ/ഓവർസീയർ മൂല്യനിർണ്ണയം നടത്തണം എന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.
പ്രസ്തുത പദ്ധതിയിൽ ഭവനപുനരുദ്ധാരണത്തിനായി ആശ്രയ ഗുണഭോക്താവായ ശ്രീ രാജലക്ഷ്മി എന്നവർക്ക് 1,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ രാജലക്ഷ്മി എന്ന ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണത്തിന്റെ വാലേഷൻ സർട്ടിഫിക്കറ്റ് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ഗുണഭോക്താവിന്റെ വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ് ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്, എഗ്രിമെന്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/17-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹177000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 181/23, സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹177000 |
| ബിൽ നമ്പർ, തീയതി | 262/28-02-2023 |

മേൽ പ്രൊജക്ട് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സി.സി. ടി.വി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവർ ഒപ്റ്റിമൈസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹177000 (അക്കൗണ്ട് നമ്പർ-110102510533) കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മേൽ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ

പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/11-10-2023) ലഭ്യമാക്കിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ് എന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1,77,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടലിനു ധനസഹായം- വാടക രേഖ ഹാജരാക്കിയിട്ടില്ല - ₹53,893 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി, എരഞ്ഞോളി ഗ്രാമപഞ്ചായത് |
| പ്രോജക്ട് നമ്പർ, പേര് | 136/23 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടലിനു ധനസഹായം |
| അടങ്കൽ | ₹60000 (വികസന ഫണ്ട് ) |
| ചെലവ് | ₹53893 |
| ബിൽ നമ്പർ, തീയതി, തുക | Bill No. 1) 49/23/8/22 – 19,129/-<br>2) 101/23/11/22 – 13,614/-<br>3) 222/15/2/23 – 11,480/-<br>4) 356/ 28/3/23 – 9,670/- |

പ്രസ്തുത പദ്ധതി പ്രകാരം എരഞ്ഞോളി കഫേ എന്ന ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടത്തിന് 4,000/- രൂപ പ്രതിമാസ വാടകയായി നൽകി വരുന്നുണ്ട്. എന്നാൽ ഈ കെട്ടിടത്തിന് ബന്ധപ്പെട്ട അധികാരി വാടക നിശ്ചയിച്ച നൽകിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 13/10-10-23) ബന്ധപ്പെട്ട അസി. എഞ്ചിനീയർക്ക് വാടക നിശ്ചയിച്ച തരാൻ അപേക്ഷ നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. വാടക നിശ്ചയിച്ച രേഖ ഹാജരാക്കേണ്ടതാണ്. വാടക നിശ്ചയിച്ച രേഖയുടെ അഭാവത്തിൽ ചെലവു തുകയായ 53,893/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി) 166/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക 2-2ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ കമ്മിറ്റിയുടെ മിനുട്സ് പരിശോധനക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/10-10-2023) ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും പ്രസ്തുത കമ്മിറ്റിയുടെ മിനുട്സ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്, സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-29 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി- ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28-05-2022ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5.1 ൽ സംരംഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023ലെ സ.ഉ.(കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും 04-01-2023ലെ സ.ഉ.(കൈ) 3/2023 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (3/10-10-2023) മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് തലത്തിൽ സംരംഭകത്വ തൊഴിൽ വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും മിനട്സ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

## 1-30 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം അടിസ്ഥാന സൗകര്യമൊരുക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്- ₹62,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എരഞ്ഞോളി സർക്കിൾ |
| പ്രോജക്ട് നമ്പർ, പേര് | 33/23, സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം- അടിസ്ഥാന സൗകര്യമൊരുക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹62000 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹62000, ബിൽ നമ്പർ 47/11-8-22 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ കാണിച്ചിട്ടുള്ള ബിൽ പ്രകാരം കേരളസ്റ്റേറ്റ് ഇലക്ട്രോണിക്ക് ഡെവലപ്മെന്റ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ₹62000 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഫയലിൽ മേൽ ചെലവിനാധാരമായ വൗച്ചർ/കെൽട്രോണിന്റെ ഇൻവോയ്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതിക്കാവശ്യമായ ലാപ്ടോപ്പ് ലഭ്യമായത് സംബന്ധിച്ച വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽപദ്ധതി പ്രകാരം QR കോഡ് എല്ലാ വീടുകളിലും പതിച്ചതിന്റെയും സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം അടിസ്ഥാന സൗകര്യമൊരുക്കൽ പദ്ധതി പൂർത്തീകരിച്ചതിന്റെയും മോണിറ്ററിങ്ങ് റിപ്പോർട്ട്, ബില്ലിലെ ചെലവിനാധാരമായ ഇൻവോയ്സ് എന്നിവ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (38/17-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ചെലവ് തുക ₹62000 തടസ്സപ്പെടുത്തുന്നു. രേഖകളും പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ, എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ/പേര് | 84/23 – കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹1,25,000 (വികസനഫണ്ട് -ജനറൽ)<br>₹1,25,000 (മറ്റുള്ളവ)<br>₹2,50,000 |
| ചെലവ് | ₹1,25,000 (വികസനഫണ്ട് -ജനറൽ) |
| ബിൽ നം./തീയതി/തുക | 22220352008501165816/09-02-2023 (₹1,25,000) |

ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് ശാസ്ത്രീയമായി സമീകൃത കാലിത്തീറ്റ 50% സബ്സിഡി

നിരക്കിൽ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പദ്ധതി. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം (25%), സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും (25%) ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പദ്ധതിക്കായി തുക വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിന്നായി ആകെ ₹1,25,000 (4-6 മാസം പ്രായമുള്ള 10 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി (10x12500)) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് മുൻകൂറായി നൽകിയ തുകയുടെ വിനിയോഗ പുരോഗതി/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/12.10.2023) പദ്ധതി പ്രകാരം കാലിത്തീറ്റ വിതരണം ആരംഭിച്ചത് 4/2023 മാസം മുതൽക്കാണെന്നും പദ്ധതി പൂർണ്ണമായും നടത്തിയതിന് ശേഷമാണ് ജില്ലാ,കന്നുകുട്ടി പരിപാലന പദ്ധതി ഓഫീസിൽ നിന്നും തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാറുള്ളതെന്നും ആയത് ലഭിക്കുന്ന മുറക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 സർവ്വീസ്/ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി - അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് പുറപ്പെടുവിച്ച സ.ഉ(എം.എസ്)നം.97/2020/ധന തീയതി: 23-09-2020 പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നതിന് 7 പൊതു മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിലെ 6-ാം നമ്പർ മാനദണ്ഡ പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൻ കേന്ദ്രസർക്കാർ/മറ്റ് സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുന്നയാളോ, മാനദണ്ഡം 7 പ്രകാരം അപേക്ഷകൻ കേന്ദ്ര/സംസ്ഥാന പൊതു മേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്നയാളോ ആവാൻ പാടില്ല.

സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഏതെങ്കിലും ഗുണഭോക്താക്കൾ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും അവർക്ക് അനുവദിക്കപ്പെട്ട തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിന് 12/11-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന 6 പേർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ തുക കൈപ്പറ്റിയിരുന്നതായും നിലവിൽ പ്രസ്തുത വ്യക്തികളുടെ സാമൂഹ്യ സുരക്ഷ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെന്നും ആയതിൽ 4 പേരിൽ നിന്നും അവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക പൂർണമായും ഈടാക്കിയെന്നും ബാക്കി വരുന്ന 2 പേർക്ക് നിരവധി തവണ കത്ത് നൽകിയിട്ടും തുക തിരിക അടച്ചിട്ടില്ല എന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ അടയ്ക്കാത്തവരുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പെൻഷണറുടെ പേര്/മേൽ വിലാസം | സാമൂഹ്യ സുരക്ഷ പെൻഷൻ വിഭാഗം/നമ്പർ | ട്രഷറി/PPO നമ്പർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക |
|---|---|---|---|---|
| 1 | സുഭദ്ര എ കെ, കുളമുള്ളതിൽ വടക്കുമ്പാട് ഉമ്മൻചിറ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (111460200837) | തലശ്ശേരി/75535622 | ₹23,200 |
| 2 | എം ശോഭ, താഴെ പെരുന്താറ്റിൽ പെരുന്താറ്റിൽ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം (111460600857) | തലശ്ശേരി/96021322 | ₹53,600 |
| | ആകെ | | | ₹76,800 |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുകകൾ പ്രസ്തുത വ്യക്തികളിൽ നിന്ന് ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന

സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള A/C No 01101023000269 (IFSC-KSBK0000101) ൽ ഒടുക്കേണ്ടതാണ്.പ്രസ്തുത വ്യക്തികൾ തുക സ്വമേധയ തിരിച്ചടയ്ക്കാത്ത പക്ഷം അവർ തിരിച്ചടയ്ക്കേണ്ടുന്ന തുക

1. റവന്യൂ റിക്കവറിയിലൂടെ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. മേൽ പറഞ്ഞ വ്യക്തികൾക്ക് അനുവദിക്കുന്ന/അനുവദിച്ചിരിക്കുന്ന സർവീസ് പെൻഷൻ/കുടുംബ പെൻഷൻ തുകയിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ ട്രഷറി ഡയറക്ടർക്ക് കത്ത് നല്കാവുന്നതാണ് [ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പിന്റെ സർക്കുലർ നമ്പർ 7/2020/ധന തീയതി: 23-01-2020 ലെ 5-ാം നമ്പർ നിർദ്ദേശം കാണുക].

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും ₹76,800 തിരിച്ചു പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ച വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. സർക്കാരിന്റെ ഒരു പെൻഷൻ കൈപ്പറ്റുന്നവർ സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്നത് ശരിയായ രീതിയല്ല. ഭരണസമിതി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തി തുക ട്രഷറിയിലേക്ക് തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്തു

എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പേര്, ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നമ്പർ | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ തുക അവസാനമായി വിതരണം ചെയ്ത മാസം | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 1 | രാധാകൃഷ്ണൻ എം കെ 492197198006 | 111460201729 | 28/2022 | 24-01-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 6/2022 | 600x5 =3000 (ക്ഷേമ നിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers) കൈപ്പറ്റുന്നതിനാൽ പെൻഷൻ' തുക 600 ആയി നിജപ്പെടുത്തി) |
| 2 | സുരേന്ദ്രൻ എം 995168808368 | 111460202418 | 51/2022 | 27-03-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ | 4/2022 | 1600x1 =1600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | കാല പെൻഷൻ) | | |
| 3 | വാസു.വി 210794844790 | 111460200330 | 55/2022 | 6-04-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 6/2022 | 1600x2 =3200 |
| 4 | രവീന്ദ്രൻ എം 680331367896 | 111460202336 | 64/2022 | 24-04-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 6/2022 | 1600x2 =3200 |
| 5 | പാർവ്വതി.ടി.കെ 733534297426 | 111460200162 | 70/2022 | 1-05-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 6/2022 | 1600x1 =1600 |
| ആകെ | | | | | | | 12.600 |

മേൽ പരാമർശിച്ച വ്യക്തികളുടെ പെൻഷൻ അക്കൗണ്ട് സസ്‌പെൻഡ് ചെയ്ത് അധികം നൽകിയ പെൻഷൻ തുക (₹12,600) ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/16-10-2023) പ്രസ്തുത വ്യക്തികളുടെ പെൻഷൻ അക്കൗണ്ട് സസ്‌പെൻഡ് ചെയ്തിട്ടുണ്ടെന്നും മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിലേക്ക് നൽകിയ പെൻഷൻ തുക ഈടാക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട് (കത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കി). അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക(₹12,600) പ്രസ്തുത വ്യക്തികളിൽ നിന്ന് ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (A/C No 01101023000269 (IFSC-KSBK0000101) തിരിച്ചടച്ച വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതതുമാസം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് പെൻഷൻ സസ്‌പെൻഡ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. സർക്കുലറിലെ നിർദ്ദേശം പാലിച്ച കൊണ്ട് മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്‌പെൻഡ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതും ഗ്രാമ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ വിശദമായി പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തി സേവന സർവീസ് പെൻഷൻ സൈറ്റ് വഴി പെൻഷൻ വിതരണം പരിശോധിച്ച് അർഹതയുള്ള പെൻഷൻ തുക കണക്കാക്കി അനർഹമായി കൈപ്പറ്റിയ ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 പ്ലാസ്റ്റിക് സംഭരണ കേന്ദ്രം നവീകരണം -വസ്തുതകൾ യഥാസമയം രേഖപ്പെടുത്തിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ<br>എരഞ്ഞോളി ഗ്രാമപഞ്ചായത് |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 25/23 പ്ലാസ്റ്റിക് സംഭരണ കേന്ദ്രം നവീകരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹711062, ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹711062 ബിൽ നം.17/28/6/22 |
| M.B No. | 31/21-22 |
| കരാറുകാരൻ | മഹേഷ് അടിയേരി |

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഇനം പ്രവർത്തികൾ നടത്തിയിട്ടുണ്ട്. ഇതിനോട് അനുബന്ധമായി പൊളിച്ച മാറ്റിയ വസ്തുക്കൾ സ്റ്റോക്ക് ചെയ്യുകയോ മറ്റ രീതിയിൽ ഉപയോഗപ്പെടുത്തിയതായോ രേഖപ്പെടുത്തിയിട്ടില്ല.

1) Item No. 5 – Dismantling Dressed Ashler Face Stone Work........0.62 M3

2) Item No. 5 Demolishing Stone Rubble Masonary By Manuall/ Mechanical Means..... 2.77 M3

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/16-10-2023) മേൽപ്രകാരം പൊളിച്ച മാറ്റിയ വസ്തുക്കൾ ചെറുതും ഉപയോഗപ്രദമല്ലാത്തതുമാണ് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുള്ളത്. ഈ വസ്തുത പ്രവൃത്തി നടക്കുന്ന സമയത്ത് എം ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. ആയതു ബന്ധപ്പെട്ട സമയത്തു രേഖപ്പെടുത്താത്തത് ആശാസ്യമല്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-35 ഒഴിഞ്ഞ ടാർ ബാരൽ - GST ഒടുക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരൽ വിലയുടെ ജി എസ് ടി ബന്ധപ്പെട്ട ഹെഡിലേയ്ക്ക് ഒടുക്കാതെ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (A/C 799013000000217) തുകകൾ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ നിന്നും അതത് ഹെഡുകളിലേക്ക് തുക ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/18-10-23) മറുപടിയായി 17-03-2023 വരെ GST അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കി പ്രവർത്തികളിൽ GSTഅടവാക്കിയ വിവരങ്ങൾ സെക്രട്ടറി അറിയിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-36 പൊതുമരാമത്തു പ്രവൃത്തികൾ - അവലോകനം

1) പദ്ധതികൾ നടപ്പിലാക്കിയത്

| | |
|---|---|
| ആകെ പദ്ധതികൾ | 46 |
| നടപ്പിലാക്കിയ പദ്ധതികൾ | 34 |
| ആകെ അടങ്കൽ | 18364119/- |
| ആകെ ചെലവ് | 11922846/- |
| നടപ്പിലാക്കിയ പദ്ധതി -ശതമാനം | 74% |
| ചെലവ് ശതമാനം | 65% |
| തൻവർഷം സ്പിൽ ഓവർ പദ്ധതികൾ | 08 |
| സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയത് | 07 |
| സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കാത്തത് | 01 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം അംഗീകരിച്ച പദ്ധതികളിൽ 08 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകൾ ആയിരുന്നു. ഇതിൽ 01 തൻവർഷം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ആകെ പുതിയ പദ്ധതികളിൽ 27 എണ്ണമാണ് പൂർത്തീകരിച്ചത്. വിശദമായ ഡാറ്റ മുകളിൽ പട്ടിക രൂപത്തിൽ നൽകിയിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തിയാക്കണമെന്ന് സർക്കാർ നിർദ്ദേശം ഉള്ളതിനാൽ ഇത്തരം പദ്ധതികൾ മുഴുവനായും തീർക്കാൻ ശ്രമിക്കേണ്ടതാണ്.

2) മത്സരാധിഷ്ഠിത ടെൻഡർ ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ അഞ്ചു ലക്ഷത്തിന് മുകളിൽ വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ E-tender സംവിധാനം വഴിയും മറ്റുള്ളവ മാനുവൽ ടെൻഡർ സംവിധാനം വഴിയുമാണ് നടപ്പിലാക്കി വരുന്നത്. തൻ വർഷം ടെൻഡർ ചെയ്ത ആകെ 44 പദ്ധതികളിൽ 24ലും രണ്ടു കരാറുകാർ മാത്രമാണ് പങ്കെടുത്തതായി കാണുന്നത്. ആകെ ടെൻഡർ സമർപ്പിക്കാത്ത പദ്ധതികൾ 6 എണ്ണവും, ഒരാൾ മാത്രം ടെൻഡർ സമർപ്പിച്ചത് 5 എണ്ണവുമാണ്. കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച

കൊണ്ട് ടെൻഡർ സംവിധാനം കൂടുതൽ കാര്യക്ഷമവും മത്സരാധിഷ്ഠിതവും ആക്കുന്നതിനുള്ള ശ്രമങ്ങൾ ഇവിടെ നടന്നതായി കാണുന്നില്ല. കൂടുതൽ പരസ്യങ്ങൾ നൽകി കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് ടെൻഡർ സംവിധാനം കാര്യക്ഷമമാക്കാൻ ശ്രമിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 11-10-2023, 12-10-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1642/2023. തീയതി: 16-11-2023. |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2022-23 | 200000 | സ്വാന്തന പരിചരണം (പ്രോജക്ട് നം-14/23) | 200000 | 0 |
| | 2022-23 | 150000 | വീട് വാസ യോഗ്യമാക്കൽ (ആശ്രയ – സ്പിൽ ഓവർ) (പ്രോജക്ട് നം.19/23) | 150000 | 0 |
| | 2022-23 | 66600 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം.17/23) | 66600 | 0 |
| | | 30000 | പാലിന് സബ്സിഡി (പ്രോജക്ട് നം-142/23) | 30000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 303331 | എരഞ്ഞോളി ബഡ്സ് റീഹാബിലേഷൻ സെന്റർ ദൈനംദിന നടത്തിപ്പ് (പ്രോജക്ട് നം-10/23) | 303331 | 0 |
| ആകെ | | 749931 | | 749931 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 8500 | നെൽകൃഷി വികസനം (പ്രോജക്ട് നം-63/23) | 8500 | 0 |
| | 2022-23 | 85000 | പച്ചക്കറി കൃഷി വികസനം (പ്രോജക്ട് നം-87/23) | 85000 | 0 |
| | 2022-23 | 39427 | സാന്ത്വന പരിചരണം (പ്രോജക്ട് നം-14/23) | 39427 | 0 |
| | 2022-23 | 1288337 | ലൈഫ് മിഷൻ ഭവന പദ്ധതി (പ്രോജക്ട് നം-114/23) | 1288337 | 0 |
| | 2022-23 | 360000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(പ്രോജക്ട് നം-17/23) | 360000 | 0 |
| | | 100000 | പാലിന് സബ്സിഡി (പ്രോജക്ട് നം-142/23) | 100000 | 0 |
| | | 2900000 | ലൈഫ് ഭവന സമുച്ചയ കെട്ടിട നിർമ്മാണത്തിന് അധിക സ്ഥലം വാങ്ങൽ (പ്രോജക്ട് നം-35/23) | 2900000 | 0 |
| | | 1054033 | നിട്ടൂർചിറ പുനരുദ്ധാരണം (സ്പിൽ ഓവർ)(പ്രോജക്ട് നം-26/23) | 1054033 | 0 |
| | | 200000 | എരഞ്ഞോളി ബഡ്സ് റീഹാബിലേഷൻ സെന്റർ ദൈനംദിന നടത്തിപ്പ് 2022-23 (പ്രോജക്ട് നം-10/23) | 200000 | 0 |
| ആകെ | | 6035297 | | 6035297 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | ബിൽ നമ്പർ/ | മുൻകൂർ | ചെല | ചെലവ |
|---|---|---|---|---|---|

| ഏജൻസി | പേര് | തീയതി/തുക | നൽകിയ തുക | വഴിച്ച തുക | ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ (സ്പിൽ ഓവർ) പ്രൊജക്ട് നം-30/23 | 72/16-09-2022 ₹518200<br>73/16-09-2022 ₹24600 | ₹542800 | ₹542800 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി HUDCO | സ.ഉ.(എം.എസ്) നം.68/2018/ ത.സ്വ.ഭ.വ/ 18-5-2018 | 880589 | 323448 | 202466 | | 120982 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| തൻവർഷം നിക്ഷേപിച്ചത്<br>പലിശ | 10000000<br>313356 |
| ആകെ | 10313356 |
| തൻവർഷം പിൻവലിച്ചത് | 10313356 |
| വർഷാവസാനം നീക്കിയിരിപ്പ് | ഇല്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,410/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-1 | 3074 | ശ്രീ. രൂപേഷ്. സി.വി | 1220100619/03-06-2022 |

| | | | | |
|---|---|---|---|---|
| 2018-19 | 1-12 | 960 | ശ്രീമതി. പ്രേമി. സി.കെ | 1220101509/06-09-2022 |
| 2009-10, 2010-11, 2011-12 | 3 | 1500 | ശ്രീ. പ്രഹീദ്. കെ.പി | 1220101629/17-09-2022 |
| 2009-10, 2010-11, 2011-12 | 3 | 2000 | ശ്രീ. പാറക്കണ്ടി പുരുഷോത്തമൻ | 1220101630/17-09-2022 |
| 2009-10, 2010-11, 2011-12 | 3 | 1000 | ശ്രീ. നാരങ്ങാട് വിനോദ് | 1220101631/17-09-2022 |
| 2009-10, 2010-11, 2011-12 | 3 | 750 | ശ്രീ. പയ്യമ്പള്ളി രമേശൻ | 1220101632/17-09-2022 |
| 2003-04 | 3-15 | 1126 | കൊച്ചിൻ റിഫൈനറീസ് | 1220202527/09-02-2023 |
| ആകെ | | 10410 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5,7 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | പരാമർശം നിലനിൽക്കുന്നു. |
| പ്രവർത്തന അവലോകനം | | 2011-12 | 2-1 | ഗ്രാമസഭ പൊതു അവലോകനം | പരാമർശം നിലനിൽക്കുന്നു. |
| 2008-09 | 3-2 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തി അനർട്ട് | പരാമർശം നിലനിൽക്കുന്നു. |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.5.2 | ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും | പരാമർശം നിലനിൽക്കുന്നു. |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.13 | ജാഗ്രത മേൽനോട്ട സമിതികൾ | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 46655267 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39757952 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1320206 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-17 | 42113 | ശ്രീമതി. ഷീജ. വി.എം, സെക്രട്ടറി |
| 1-18 | 54492 | ശ്രീമതി. ഷീജ. വി.എം, സെക്രട്ടറി |
| 1-19 | 160000 | ശ്രീമതി. ഷീജ. വി.എം, സെക്രട്ടറി |
| 1-20 | 73045 | ശ്രീമതി. ഷീജ. വി.എം, സെക്രട്ടറി |
| 1-21 | 172663 | ശ്രീമതി. ഷീജ. വി.എം, സെക്രട്ടറി |
| 1-22 | 150000 | ശ്രീമതി. രസ്ന സദൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 75000 | ശ്രീ. ഷിബിൻ. ടി. വി.ഇ.ഒ. വടക്കമ്പാട് സർക്കിൾ |
| 1-24 | 150000 | ശ്രീ. ഷിബിൻ. ടി. വി.ഇ.ഒ. വടക്കമ്പാട് സർക്കിൾ |
| 1-25 | 150000 | ശ്രീ. ഷിബിൻ. ടി, വി.ഇ.ഒ. വടക്കമ്പാട് സർക്കിൾ |

| | | |
|---|---|---|
| 1-26 | 177000 | ശ്രീമതി. ഷീജ. വി.എം, സെക്രട്ടറി |
| 1-27 | 53893 | 19129 – ശശീന്ദ്രൻ.പി.കെ, അഡീ.സെക്രട്ടറി<br>13604 – സാഗർ.എൻ.കെ. അഡീ.സെക്രട്ടറി (In Chage)<br>21150 – പി.ശ്രീജ, അഡീ.സെക്രട്ടറി |
| 1-30 | 62000 | ശ്രീജേഷ്.ടി.കെ, വി.ഇ.ഒ, എരഞ്ഞോളി |
| | 1320206 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷീജ. വി.എം, സെക്രട്ടറി | സെക്രട്ടറി, എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | ശിവ നയനം, പി.ഒ. കോളശ്ശേരി, തലശ്ശേരി |
| ശ്രീമതി. രസ്ന സദൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ , എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | ആർ.എസ് ഭവൻ, പി.ഒ മുഴപ്പിലങ്ങാട്, കണ്ണൂർ |
| ശ്രീ. ഷിബിൻ. ടി. വി.ഇ.ഒ. വടക്കുമ്പാട് സർക്കിൾ | വി.ഇ.ഒ, കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്ത് | തോട്ടത്തിൽ ഹൗസ്, അണ്ടല്ലൂർ, പി.ഒ.പാലയാട് |
| ശശീന്ദ്രൻ.പി.കെ, അഡീ.സെക്രട്ടറി | സെക്രട്ടറി, കേളകം ഗ്രാമപഞ്ചായത്ത് | ശ്രീചന്ദ്, കതിരൂർ, ചൊക്ലി |
| സാഗർ.എൻ.കെ. അഡീ.സെക്രട്ടറി | അഡീഷണൽ സെക്രട്ടറി, കുന്നോത്ത്പറമ്പ ഗ്രാമപഞ്ചായത്ത് | ലവ് ഡെയ്ൽ, എരഞ്ഞോളി. |
| ശ്രീജ.പി. അഡീ.സെക്രട്ടറി | അഡീഷണൽ സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത് | കയമ്പ്രത്ത് ഹൗസ്, പൊയിൽവാച്ചേരി. |
| ശ്രീജേഷ്.ടി.കെ, വി.ഇ.ഒ, എരഞ്ഞോളി | വി.ഇ.ഒ, രാമന്തളി ഗ്രാമപഞ്ചായത്ത് | കാർത്തിക, തെക്കയിൽ ഹൗസ്, മൊകേരി. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 1 |
| 1999-00 (പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 3 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 4 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1389/2022 തീയതി: 11.10.2022 | 2 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1072/2021 തീയതി:23.10.2021 | 9 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1073/21 തീയതി: 22.10.2021 | 30 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1238/22 തീയതി: 04.11.2022 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/150/2023 dated 07-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Eranholi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Eranholi Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Eranholi Grama Panchayat for the Year 2022-2023.

**1.Major Observations**

1) Schedule B-1 is not incorporated in Annual Financial Statements

2)The asset register has not been prepared and kept up-to-date so as to verify the correctness of the amounts as per Schedule B-11 .

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit.

a) Basic Ratios b) Notes on account

2) The total cash flow for the year in the cash flow statement does not match the amount shown in the statement as difference between opening balance and closing balance of cash and cash equivalents

3) Registers are not maintained accurately so as to verify the amounts in annual accounts

4) Finance commission grant liability shown as per B-4 schedule does not match with grant account opened for the specified grant account

5) Amount used for asset creation using specific grant is not transferred to capital contribution as per B-3 schedule

6) The amount which has been recorded as stale cheque in B-9-Schedule of the Annual Financial Statement (Rs 1324)has not been transferred to the Panchayat Fund

7) Depreciation is not provided for some assets

8) MGNREGS amount as per I-6 differs with the actual expense amount

9) Timely demand entry is not made in respect of tax and non tax revenue

10) There is no closing stock as per B_14 schedule

11) Deposit work for which utilisation certificate is not obtained in 2022-23 is not included in B-18 schedule

12) Value of vehicle owned by panchayath is not included in balance sheet

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

### 1. RECEIPT & PAYMENT STATEMENT

| Eranholi Grama Panchayat<br>RECEIPT & PAYMENT STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27067220.00 |
| Cash | Cash | RP-40(a) | 32529.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2328700.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2500.00 |
| 140000000 | Fees & User Charges | RP-4 | 1840135.00 |
| 150000000 | Sale & Hire Charges | RP-5 | 279535.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12924000.00 |
| 171000000 | Interest Earned | RP-9 | 607935.00 |
| 190000000 | Prior Period Income | RP-11 | 233279.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 8324.00 |
| 311000000 | Earmarked Funds | RP-28 | 1946.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10312309.00 |
| 420000000 | Investments | RP-43 | 10313356.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 7149725.00 |
| 460000000 | Loans, Advances and Deposits | RP-49 | 56000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1126.00 |
| 340000000 | Deposits Received | RP-33 | 27277.00 |
| 350000000 | Other Liabilities | RP-35 | 569120.00 |
| | Grand total | | 73755016.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 163526.00 |
| 311000000 | Earmarked Funds | RP-28 | 10.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1652015.00 |
| 460000000 | Loans, Advances and Deposits | RP-49 | 570912.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 1000.00 |
| 350000000 | Other Liabilities | RP-35 | 37370479.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 33956351.00 |
| Cash | Cash | RP-40(b) | 40713.00 |
| | Grand Total | | 73755016.00 |

2. INCOME & EXPENDITURE STATEMEN T

Eranholi Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6679816.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3400.00 |
| 140000000 | Fee & User Charges | I-4 | 2014943.00 |
| 150000000 | Sale & Hire Charges | I-5 | 289107.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 107844536.00 |
| 170000000 | Income from Investments | I-7 | 313356.00 |
| 171000000 | Interest Earned | I-8 | 607935.00 |
| 180000000 | Other Income | I-9 | 32076.00 |
| 190000000 | Prior Period Income | I-19 | 365295.00 |
| | Total Income | | 117785169.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12315865.00 |
| 220000000 | Administrative Expenses | I-11 | 1493446.00 |
| 230000000 | Operations & Maintenance | I-12 | 1622253.00 |
| 240000000 | Interest & Finance Charges | I-13 | 1570.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4400654.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23058480.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5921511.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 9809381.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 45740600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 277529.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 26147.00 |
| | Total Expenditure | | 104667436.00 |
| | Gross Surplus / Deficit of income over Expenditure | | 13117733.00 |
| | Gross Surplus / Deficit of income over Expenditure | | 13478852.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 4176.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 361119.00 |

3. BALANCE SHEET

Eranholi Grama Panchayat
BALANCE SHEET
As on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 45846377.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency | B-2 | 50118.00 |

| | | | |
|---|---|---|---|
| | Fund | | |
| 312000000 | Reserves | B-3 | 39728124.00 |
| | Total Reserve & Surplus | | 85624619.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6130353.00 |
| | Total Grants, Contributions for Specific Purposes | | 6130353.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 120982.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 120982.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 96164.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1868177.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1964341.00 |
| | TOTAL LIABILITIES | | 93840295.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 602526.00 |
| 412000000 | Capital Work in Progress | B-11(b) | 605278.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 95000.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8042376.00 |
| 415000000 | Annual Plan - Capital Expences | B11-(e) | 83289527.00 |

| | | | |
|---|---|---|---|
| | (Infrastructure Sector) | | |
| 416000000 | Accumulated Depreciation | B-11(a) | -35835397.00 |
| | Total Fixed Assets | | 56799310.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1709980.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 33997064.00 |
| 460000000 | Loans, Advances and Deposits | B-18 | 1333941.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 37040985.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 93840295.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.